**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പ് - തിരുവനന്തപുരം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ ചെയിൻമാനായ ശ്രീ. സുനിൽ കുമാർ .ജി യ്ക്ക് കൊച്ചി ലേക്ക്ഷോർ ആശുപത്രിയിൽ വൃക്കമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ)നം.** 1847/2016/**ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം** 04/ 06/16

പരാമർശം:-1. സ.ഉ(സാധാ) നം. 3344/2015/തസ്വഭവ തീയതി, 13/11/2015.

2. മുഖ്യനഗരാസൂത്രകന്റെ 31/03/2016 ലെ ബി3-5148/15 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ ചെയിൻമാനായ ശ്രീ. സുനിൽ കുമാർ ജി യ്ക്ക് കൊച്ചി ലേക്ക്ഷോർ ആശുപത്രിയിൽ വൃക്കമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് പരാമർശം ഒന്ന പ്രകാരം 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം ) പലിശ രഹിത വായ്പയായി അനുവദിച്ചിരുന്നു. ടിയാന്റെ ചികിത്സക്കായി ബാക്കി ചെലവായ തുകയിൽ അർഹതപ്പെട്ട തുകയായി ആരോഗ്യ വകുപ്പ ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ 8,62,963/- രൂപ റീഇംബേഴ്സ് ചെയ്യുന്നതിനും പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം അനുവദിച്ച 2,00,000/- രൂപ അഡ്വാൻസ് തുക തട്ടിക്കിഴിച്ച് ബാക്കി 6,62,963/- രൂപ നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം രണ്ടിലെ കത്ത് പ്രകാരം മുഖ്യനഗരാസൂത്രകൻ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ ചെയിൻമാനായ ശ്രീ. സുനിൽ കുമാർ ജി യ്ക്ക് വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് കൊച്ചി ലേക്ക്ഷോർ ആശുപത്രിയിലെ ചികിത്സക്കായി പരാമർശം ഒന്ന് പ്രകാരം അനുവദിച്ച 2,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പയിൽ, ആരോഗ്യ വകുപ്പ ഡയറക്ടർ അനുവദനീയമായി അറിയിച്ചിരിക്കുന്ന തുകയായ 8,62,963/- രൂപയുടെ 80% ആയ 6,90,370/- രൂപ ക്രമീകരിച്ച് ബാക്കി തുകയായ 4,90,370/- (നാലു ലക്ഷത്തി തൊണ്ണൂറായിരത്തി മുന്നൂറ്റി എഴുപത് രൂപ മാത്രം ) മെഡിക്കൽ റീ ഇംബേഴ്സ്മെന്റായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**

**രത്നമ്മ.വി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്.

മുഖ്യനഗരാസൂത്രകൻ തിരുവനന്തപുരം (ഒറിജിനൽ ബില്ലുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീ. സുനിൽ കുമാർ ജി, ചെയിൻമാൻ, ജില്ലാ നഗരാസൂത്രണ കാര്യാലയം.
(മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ, ട്രഷറീസ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (23.05.2016-ലെ എൽ3/276/16/ധനം കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ